കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ 2, 9 വാർഡുകളിലെ 159, 147 നമ്പർ അങ്കണവാടികളുടെ നിർമ്മാണത്തിന് ജലവിഭവ വകുപ്പിന്റെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് കീഴിലുള്ള കോതനെല്ലൂർ, മാഞ്ഞൂർ എന്നിവിടങ്ങളിലെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഭൂമി കൈമാറ്റ വിഷയത്തിൽ സാമൂഹ്യനീതി (വനിതാ ശിശു വികസനം) വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിച്ചശേഷം തുടർ നടപടികൾ പരിശോധിക്കാവുന്നതാണ്.

(ബി) അങ്കണവാടി നിർമ്മാണത്തിനുള്ള പ്ലാനും പ്രൊപ്പോസലും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; എന്നാണ് ഇവ ലഭിച്ചത്; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

അങ്കണവാടി നിർമ്മാണത്തിനുള്ള പ്ലാനും പ്രൊപ്പോസലും 28-1-2020-ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പദ്ധതിക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദീകരിക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മങ്കട മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങൾ, കലുങ്കുകൾ

201 (4621) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പുഴകളുടെയും തോടുകളുടെയും കൈവഴികളിൽ വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങൾ, കലുങ്കുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾക്കായി ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർമ്മിതികളിൽ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വകുപ്പ് കണ്ടെത്തിയിട്ടുള്ളത് ഏതെല്ലാമാണ്; ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം ജില്ലയിൽ മങ്കട മണ്ഡലത്തിൽ പുഴകളുടെയും തോടുകളുടെയും കൈവഴികളിൽ ജലസേചന വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള പാലങ്ങളും കല്ലുങ്കുകളും അവയുടെ അറ്റകുറ്റപ്പണികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നാദാപുരം മണ്ഡലത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുനൽകുന്നത്

202 (4622) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ കളിവീട് അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിട്ടുനൽകാൻ നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) അങ്കണവാടി നിലവിൽ പ്രവർത്തിച്ചുവരുന്ന ഓലക്കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലം എന്നത്തേയ്ക്ക് കൈമാറാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) നാദാപുരം മണ്ഡലത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര കനാലിനടുത്തുള്ള അഞ്ച് സെന്റ് ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകണമെന്നുള്ള ആവശ്യത്തിന്മേലുള്ള പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ ടി സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച്, സർവ്വേ സ്കെച്ച്, എൻ.ഒ.സി., കനാൽ സുരക്ഷാ സർട്ടിഫിക്കറ്റ്, ക്രോസ് സെക്ഷൻ, സൈറ്റ് പ്ലാൻ എന്നിവ നൽകിയപ്പോൾ സർവ്വേ വകുപ്പ് പത്ത് സെന്റ് സ്ഥലം നിർദ്ദേശിച്ചതിനാൽ അതിൽ വ്യക്തത വരുത്തി ആവശ്യപ്പെട്ട പ്രകാരമുള്ള അഞ്ച് സെന്റ് സ്ഥലം നൽകുന്നതിനായി സ്കെച്ച് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി സത്വര തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly